⇨ *രാജ്യത്തെ ഇരുപതു കോടി വോട്ടർമാർക്ക് തങ്ങൾ പുറംതള്ളപ്പെട്ടവരായി തോന്നുന്നു* ⇨

**തദ്ദേശസ്വയംഭരണവും ജനാധികാരത്തിന്റെ സാധ്യതകളും**

# തല കുത്തനെ നിർത്തിയ പിരമിഡ്

1961ൽ പ്രസിദ്ധീകരിച്ച, 'സ്വരാജ്യം ജനങ്ങൾക്ക്' എന്ന ജയപ്രകാശ് നാരായണന്റെ പുസ്കത്തിലെ ഈ അദ്ധ്യായം ഇന്ത്യയുടെ ജനാധിപത്യവത്കരണത്തെക്കുറിച്ചുള്ള പ്രസക്തമായ നിരീക്ഷണങ്ങൾ പങ്കുവയ്ക്കുന്ന ഒന്നാണ്. തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് തദ്ദേശസ്വയംഭരണത്തെക്കുറിച്ചുള്ള ചർച്ചകൾ സജീവമായ സാഹചര്യത്തിൽ അധികാര വികേന്ദ്രീകരണത്തെക്കുറിച്ചുള്ള ജയപ്രകാശിന്റെ ഈ നിരീക്ഷണങ്ങളിലൂടെ കടന്നുപോകുന്നത് ഇപ്പോഴും പ്രസക്തമാണ്.

**ജയപ്രകാശ് നാരായണൻ**

**(പരിഭാഷ: എം.പി. പരമേശ്വരൻ)**

**സ്വരാജ്യം മേലേനിന്ന്**

ഇന്ത്യയിലെ ഭരണഘടനാ നിർമാണസഭ "ജനങ്ങളുടെ പേരിൽ" ഒരു തീരുമാനമെടുക്കുകയുണ്ടായി:

എ) ഇന്ത്യയെ പരമാധികാരമുള്ള ഒരു ജനാധിപത്യ റിപ്പബ്ലിക് ആക്കും.

ബി) അതിലെ എല്ലാ പൗരന്മാർക്കും സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ നീതി ഉറപ്പാക്കും; ചിന്തിക്കാനും പറയാനും വിശ്വസിക്കാനും ആരാധിക്കാനുമുള്ള സ്വാതന്ത്ര്യം ഉറപ്പുവരുത്തും.

സി) എല്ലാ ജനങ്ങളിലും സാഹോദര്യബോധം വളർത്തും. വ്യക്തികളുടെ ആത്മാഭിമാനവും ദേശീയ ഐക്യവും ഉറപ്പാക്കും.

ഈ ലക്ഷ്യങ്ങൾ ജനാധിപത്യത്തെക്കുറിച്ച് ആവേശം പകരുന്ന ഒരു ചിത്രമാണ് നൽകുന്നത്. ഒപ്പം വെല്ലുവിളികളുടെയും. ഈ ചിത്രത്തെ മൂർത്തമായ യാഥാർഥ്യമാക്കുന്നതിനുവേണ്ടിയാണ് ഭരണഘടനാനിർമാണസഭ ഇന്നത്തെ ഭരണഘടനയ്ക്ക് രൂപം നൽകുകയും അംഗീകരിക്കുകയും ചെയ്തത്. കാലാകാലങ്ങളിൽ അതിനു ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഇന്നും അത് സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും നെടുംകോട്ടയായി നിലകൊള്ളുന്നു. മിക്ക അയൽരാജ്യങ്ങളും ഒന്നല്ലെങ്കിൽ മറ്റൊരു തരത്തിലുള്ള ഏകാധിപത്യത്തെ ആശ്ലേഷിച്ചപ്പോൾ ഇന്ത്യയിലെ ജനങ്ങൾ ബോധപൂർവ്വം ജനാധിപത്യം തെരഞ്ഞെടുത്തു എന്നത് അഭിമാനിക്കാവുന്ന ഒന്നാണ്. ജനങ്ങളുടെ സാംസ്കാരികവും ആത്മീയവും ആയ പക്വതയുടെ തെളിവാണിത്.

ഇതെല്ലാം അംഗീകരിക്കവേ തന്നെ, കഴിഞ്ഞ ഒരു പതിറ്റാണ്ടു കാലത്തെ ജനാധിപത്യത്തിന്റെ അനുഭവങ്ങൾ ഒന്നു വിലയിരുത്തുന്നത് നന്നായിരിക്കും. ഏഷ്യയിലെയും ആഫ്രിക്കയിലെയും മറ്റു രാജ്യങ്ങളുടെയും ഏറെ പാരമ്പര്യമുള്ള പാശ്ചാത്യജനാധിപത്യങ്ങളുടെയും അനുഭവത്തിന്റെ വെളിച്ചത്തിലായിരിക്കണം ഇതു നടത്തേണ്ടത്.

ഭരണഘടന അംഗീകരിച്ച ശേഷമുള്ള കഴിഞ്ഞ പത്തുകൊല്ലകാലത്തെ അനുഭവത്തിൽ ഏറ്റവും പ്രകടമായി മുഴച്ചുനിൽക്കുന്ന ഒരു കാര്യമുണ്ട്: രാജ്യത്തെ ഇരുപതു കോടി വോട്ടർമാർക്ക് തങ്ങൾ പുറംതള്ളപ്പെട്ടവരായി തോന്നുന്നു. അതിന്റെയെല്ലാം വെളിയിലാണ്. ശരിയാണ്, രണ്ടു പൊതുതെരഞ്ഞെടുപ്പുകളിൽ വോട്ടു ചെയ്യാനുള്ള സന്ദർഭം അവർക്ക് ലഭിച്ചിട്ടുണ്ട്. ഈ ക്ഷണിക സമ്പർക്കങ്ങൾ ഒഴിച്ചാൽ അവർക്ക് ജനാധിപത്യ

⇨ ജനാധിപത്യത്തിന്റെ അടിത്തറയ്ക്ക് വേണ്ടത്ര ഉറപ്പുണ്ടെങ്കിൽ അധികാരമോഹികൾക്ക് അത് മറിച്ചിടാൻ എളുപ്പമായിരിക്കില്ല ⇨



ജയപ്രകാശ് നാരായണൻ


ജനങ്ങൾക്ക് സ്വരാജ്യം അനുഭവവേദ്യമായിട്ടില്ല എന്ന സത്യം അംഗീകരിക്കണം. സമൂഹത്തിന്റെ ഉപരിതലത്തിലുള്ള ഇടത്തരക്കാരുടെ ഒരു നേർത്ത പാളിക്കു മാത്രമേ, അതിൽതന്നെ നേരിട്ട് രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുമാത്രമേ നമ്മുടെ ജനാധിപത്യത്തിന്റെ നടത്തിപ്പിൽ എന്തെങ്കിലും പങ്കുള്ളു.

വുമായി മറ്റൊരു ബന്ധവും ഉണ്ടായിട്ടില്ല. നാട്ടുമ്പുറത്തുകാരുടെ ഇടയിൽനിന്നുപോലും കേൾക്കാവുന്ന ഒരു സ്വരമുണ്ട്: സ്വരാജ്യം വന്നെങ്കിലും അത് തങ്ങൾക്ക് കിട്ടിയിട്ടില്ല. ബ്രിട്ടീഷുകാർ ഭരിച്ചിരുന്ന കാലത്തെ അതേപോലെയും, അതേ ആളുകളും തന്നെയാണ് തങ്ങളെ ഭരിക്കുന്നത് എന്ന് അവർ പരാതിപ്പെടുന്നു. തങ്ങളുടെ ഗ്രാമത്തിൽപോലും തങ്ങൾക്ക് ഒരു അധികാരവുമില്ല; ഏറ്റവും താഴെക്കിടയിലുള്ള സർക്കാരുദ്യോഗസ്ഥനുപോലും തങ്ങളോട് ഒരു ഉത്തരവാദിത്തവുമില്ല. അവർ ജനങ്ങളുടെ മേൽ കുതിരകയറുന്നു; പണ്ടത്തെപ്പോലെതന്നെ കൈക്കൂലി വാങ്ങുന്നു. ജനങ്ങൾക്ക് സ്വരാജ്യം അനുഭവവേദ്യമായിട്ടില്ല എന്ന സത്യം അംഗീകരിക്കണം. സമൂഹത്തിന്റെ ഉപരിതലത്തിലുള്ള ഇടത്തരക്കാരുടെ ഒരു നേർത്ത പാളിക്കു മാത്രമേ, അതിൽതന്നെ നേരിട്ട് രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുമാത്രമേ നമ്മുടെ ജനാധിപത്യത്തിന്റെ നടത്തിപ്പിൽ എന്തെങ്കിലും പങ്കുള്ളു.

ഈ അവസ്ഥാവിശേഷത്തിന്റെ ഫലമെന്താണ്? നമ്മുടെ ജനാധിപത്യത്തിന്റെ അടിത്തറ വളരെ സങ്കുചിതമാണ്. ഒരു പിരമിഡ് തല തിരിച്ച് വെച്ചപോലെയാണത്. അതിനെ കീഴ്മേൽ മറിക്കണം; വിശാലമായ അടിത്തറമേൽ സ്ഥാപിക്കണം. അതാണ് ചെയ്യേണ്ടത്. എല്ലാ ഇന്ത്യൻ പൗരനും വോട്ടധികാരമുണ്ട് എന്നതുകൊണ്ട് ഈ പിരമിഡിന്റെ അടിത്തറ വിശാലമാകുന്നില്ല. ഒറ്റപ്പെട്ട, വേറിട്ടുനിൽക്കുന്ന കോടിക്കണക്കിന് വോട്ടർമാർ ഒരു മണൽ കൂമ്പാരംപോലെയാണ്, അതിന്റെ മേൽ ഒരു സൗധവും പണിതുയർത്താൻ പറ്റില്ല. ഒന്നുകിൽ സിമന്റ് ചേർത്ത് അതിനെ ഇഷ്ടികകളാക്കണം. അല്ലെങ്കിൽ നാലുവശവും കോൺക്രീറ്റ് ഭിത്തികൾ ഉണ്ടായിരിക്കണം. എങ്കിൽ മാത്രമേ കല്ലുകൊണ്ടുള്ള അസ്തിവാരം പോലെ ആവുള്ളു. അതിനാൽ നമ്മുടെ സമൂഹത്തിന്, രാഷ്ട്രത്തിന് സ്ഥിരത ലഭിക്കണമെങ്കിൽ അടിത്തറയുടെ വിസ്താരം കൂട്ടുകയും മേൽഭാഗങ്ങളെ കീഴ്ഭാഗങ്ങളുമായി വേണ്ടവിധം ഇണക്കിച്ചേർക്കുകയും വേണം. ജനാധിപത്യത്തിന്റെ അടിത്തറയ്ക്ക് വേണ്ടത്ര ഉറപ്പുണ്ടെങ്കിൽ അധികാരമോഹികൾക്ക് അത് മറിച്ചിടാൻ എളുപ്പമായിരിക്കില്ല. ചരിത്രാവശിഷ്ടങ്ങളുടെ നാടാണ് നമ്മുടേത്. ഒരു സൗധം മറിഞ്ഞു വീണാൽ എന്തു സംഭവിക്കുമെന്ന് അവ സന്ദർശിച്ചാൽ മനസ്സിലാകും. ആദ്യം താഴെ വീഴുന്നത് മേൽക്കൂരയാണ്, പിന്നെ ചുമരുകൾ, ആദ്യം മുകളിലെ നിലകൾ, പിന്നെ താഴത്തെ നിലകൾ, അസ്തിവാരങ്ങൾ അവിടെത്തന്നെ കിടക്കും ആയിരത്താണ്ടുകളോളം, ഒരു സൗധം എത്ര വലുതുമായിക്കൊള്ളട്ടെ, ദീർഘകാലം നിലനിൽക്കണമെങ്കിൽ അതിന്റെ അടിത്തറയും അടിഭാഗങ്ങളും ഉറപ്പുള്ളതായിരിക്കണം.

ഏഷ്യയിലെയും ആഫ്രിക്കയിലെയും പല രാജ്യങ്ങളും പാശ്ചാത്യജനാധിപത്യത്തിന്റെ ബാഹ്യരൂപങ്ങൾ സ്വീകരിച്ചിട്ടുണ്ട്. അതായത്, സാർവത്രികവോട്ടവകാശം, പരസ്പരം മത്സരിക്കുന്ന ഒട്ടനവധി രാഷ്ട്രീയപാർട്ടികൾ, തെരഞ്ഞെടുക്കപ്പെട്ട ഒരു പാർലമെന്റ്, അതിനോട്

⇨ *ഇതിനാകട്ടെ വളരെ ആഴത്തിലുള്ള, രാഷ്ട്രീയവും സാമ്പത്തികവുമായ, വികേന്ദ്രീകരണം ആവശ്യമായി വരും* ⇨




ഉത്തരവാദപ്പെട്ട ഒരു ഗവൺമെന്റ് മുതലായവയെല്ലാം ഉണ്ട്. അതായത് ഇന്ത്യയിലെന്നപോലെ അവിടങ്ങളിലും ഒറ്റപ്പെട്ട വോട്ടർമാരുടെ ഒരു കൂട്ടമാണുള്ളത്. അതിന്റെ മേലാണ് ഗവൺമെന്റ് എന്ന മുകളിലെ നില പണിതിരിക്കുന്നത്. ഇത്തരത്തിലുള്ള ഒരു ജനാധിപത്യത്തോട് ജനങ്ങൾക്ക് കാര്യമായ കൂറൊന്നും ഉണ്ടായിരിക്കില്ല. അത് സ്വാഭാവികമാണ്. ഒരു ചെറിയ തള്ളുമതി, അത് മറഞ്ഞു വീഴും. 'ജനക്കൂട്ടം' നിസ്സഹായമായി നോക്കിനിൽക്കും. മറിഞ്ഞ് വീണ ജനാധിപത്യം അഴിമതി നിറഞ്ഞതും കാര്യക്ഷമമല്ലാത്തതും, ആഹാരം, തൊഴിൽ മുതലായ പൊള്ളുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിൽ പരാജയപ്പെട്ടതും ആയിരുന്നെങ്കിൽ ഈ തകർച്ചയെ ജനങ്ങൾ സ്വാഗതം ചെയ്തെന്നുപോലും വന്നേക്കാം. ജനാധിപത്യമെന്ന അമൂർത്ത ആശയമല്ല നമ്മളെപ്പോലുള്ള ജനാധിപത്യചിന്തകരെ ആവേശംകൊള്ളിക്കുന്നത്. ജനങ്ങളുടെ ക്ഷേമത്തിലൂടെ പ്രകടമാകുന്ന അതിന്റെ മൂർത്തമായ ഫലങ്ങൾ, വ്യക്തമായ താൽപര്യങ്ങൾ. അതിന്റെ പ്രവർത്തനത്തിലുള്ള പങ്കാളിത്തം എന്നിവയൊക്കെയാണ് എല്ലായിടത്തേയും ജനങ്ങൾക്ക്, ജനാധിപത്യത്തോടും അതിന്റെ പ്രക്രിയകളോടുമുള്ള സമീപനത്തെ സ്വാധീനിക്കുന്നത്.

ആഫ്രിക്കയിലെയും ഏഷ്യയിലെയും മാത്രമല്ല മറ്റു ഭൂഖണ്ഡങ്ങളിലെയും നിരവധിരാജ്യങ്ങളുടെ അനുഭവങ്ങളിൽ നിന്നും പഠിക്കാതിരിക്കുന്നത് അവിവേകമായിരിക്കും. നമ്മുടെ രാജ്യത്തെ ജനാധിപത്യം തകിടം മറിക്കപ്പെടുമെന്ന ഭീതിയൊന്നും ഇപ്പോൾ ഇല്ല. പക്ഷേ, മറ്റു രാജ്യങ്ങളിൽ ജനാധിപത്യത്തിനു വിനയായിത്തീർന്ന അതേ തകരാറുകൾ ഇവിടെയും നിലനിൽക്കുന്നു എന്ന വസ്തുത മറക്കരുത്. ഇനിയും അവശേഷിക്കുന്ന, എല്ലാവരും ആദരിക്കുന്ന, ദേശീയനേതാക്കൾ കൂടി മൺമറഞ്ഞുപോകുമ്പോൾ ഈ ഭീഷണി തല ഉയർത്താൻ ഏറെ സാധ്യതയുണ്ട്.

പാശ്ചാത്യരാജ്യങ്ങളിലെ പക്വതയാർന്ന ജനാധിപത്യങ്ങൾ ഇത്രയും കേന്ദ്രീകൃതമല്ല; പലതരത്തിലുള്ള വിശാലമായ പശ്ചാത്തലസംവിധാനങ്ങൾ അവയ്ക്കു കൂടുതൽ സ്ഥിരത നൽകുന്നു. പക്ഷേ, അവിടങ്ങളിലും ഭരണവും തീരുമാനങ്ങൾ എടുക്കാനുള്ള അധികാരവും ഒരു ന്യൂനപക്ഷത്തിന്റെ കൈകളിൽ ഒതുങ്ങിനിൽക്കുന്നു. ശാസ്ത്രസാങ്കേതികവിദ്യകൾ വികസിക്കുകയും സമ്പദ്‌വ്യവസ്ഥ കൂടുതൽ കൂടുതൽ സങ്കീർണമായിത്തീരുകയും ചെയ്യുന്നതോടെ ഭരണത്തിന്റെ ചുമതല എണ്ണത്തിൽ കുറഞ്ഞു കുറഞ്ഞുവരുന്ന ഒരു കൂട്ടം കൈകളിൽ കേന്ദ്രീകരിക്കപ്പെടുന്നു. സാമ്പത്തികവും രാഷ്ട്രീയവും ആയ ശക്തി ഇങ്ങനെ കുറഞ്ഞുവരുന്ന കരങ്ങളിൽ – അവ സ്വകാര്യവ്യക്തികളുടേതാകാം, സർക്കാർ ഉദ്യോഗസ്ഥന്മാരുടേതാകാം, അവരിൽ –കേന്ദ്രീകരിക്കപ്പെടുമ്പോൾ, ജനാധിപത്യം അതിവേഗത്തിൽ, ഉള്ളിലൊന്നുമില്ലാത്ത പുറംതോടു മാത്രമായിത്തീരും.

പാശ്ചാത്യ ജനാധിപത്യങ്ങൾ അവയുടെ ആഭ്യന്തര പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടു എന്നുവന്നേക്കാം. പക്ഷേ, ഒരു കാര്യം മനസ്സിലാക്കണം. പാശ്ചാത്യജനാധിപത്യവും പരിമിതമാണ്, വളരെ പരിമിതമാണ്. ശരിയാണ്, അവയ്ക്ക് ജനങ്ങളുടെ സമ്മതി ഉണ്ട്; സമാധാനപരമായി തങ്ങളുടെ ഗവൺമെന്റുകളെ മാറ്റാൻ അവർക്ക് കഴിഞ്ഞേക്കും. പക്ഷേ, അതുമാത്രം പോര. അവരുടെ അനുഭവങ്ങളിൽനിന്ന് പഠിക്കണം. ജനാധിപത്യസങ്കൽപത്തിന്റെ ആഴവും പരപ്പും കൂട്ടണം. ജനങ്ങളുടെ അംഗീകാരം എന്ന സങ്കൽപത്തിനു പുറമെ ജനങ്ങളുടെ പങ്കാളിത്തം എന്നതിലേക്ക് കടക്കണം.

അപ്പോൾ ഒരു കാര്യം വ്യക്തമാണ്. ഭരണം നടത്തുന്നത് ദില്ലിയിൽനിന്നോ ഏതാനും സംസ്ഥാനതലസ്ഥാനങ്ങളിൽനിന്നോ മാത്രമാണെങ്കിൽ കോടിക്കണക്കിനു വരുന്ന വോട്ടർമാർക്ക് അതിൽ പങ്കാളികളാകാൻ കഴിയില്ല. ജനങ്ങൾക്ക് ഗവൺമെന്റിൽ പങ്കെടുക്കാൻ കഴിയണമെങ്കിൽ അതിനെ ജനങ്ങളുടെ അടുക്കലേക്ക്, കഴിയുന്നത്ര അടുക്കലേക്ക്, കൊണ്ടുവരണം. ഇതിനാകട്ടെ വളരെ ആഴത്തിലുള്ള, രാഷ്ട്രീയവും സാമ്പത്തികവുമായ, വികേന്ദ്രീകരണം ആവശ്യമായി വരും.

പാശ്ചാത്യരാജ്യങ്ങളിൽ ശക്തവും സജീവവും ആയ തദ്ദേശസ്വയംഭരണ സംവിധാനങ്ങളുണ്ട്. ഇത് സ്വാഗതാർഹം തന്നെ. പക്ഷേ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൊണ്ടു മാത്രം പങ്കാളിത്ത ജനാധിപത്യത്തിന്റെ ലക്ഷ്യങ്ങൾ നിറവേറ്റാൻ പറ്റില്ല. പടിഞ്ഞാറിൽ മോശമല്ലാത്ത തദ്ദേശസ്വയംഭരണ സംവിധാനമുണ്ടെങ്കിലും കേന്ദ്രഗവൺമെന്റു തന്നെയാണ് സർവശക്തം. മർമപ്രധാനങ്ങളായ എല്ലാ തീരുമാനങ്ങളും എടുക്കുന്നത് കേന്ദ്രഗവൺമെന്റാണ്. എന്റെ മനസ്സിലുള്ള പങ്കാളിത്ത ജനാധിപത്യമേ അല്ല ഇത്. എന്റെ മനസ്സിലുള്ളത്, ഗാന്ധിജി പലപ്പോഴും ഊന്നിപ്പറയാറുള്ളതുപോലെ, താഴെ നിന്ന് മേലോട്ടുള്ള ഗവൺമെന്റ് തലങ്ങളി

ലേക്ക് പോകുന്ന മുറയ്ക്ക് അവയുടെ ഉത്തരവാദിത്തങ്ങളും അധികാരങ്ങളും കുറഞ്ഞു കുറഞ്ഞുവരുന്ന ഒന്നാണ്. തലകുത്തനെ നിൽക്കുന്ന പിരമിഡിന്റെ ഉപമയിലേക്ക് തിരിച്ചുപോകാം. മുകൾഭാഗത്ത് ഇപ്പോഴുള്ള വിശാലമായ ഭാഗങ്ങൾ അറുത്തുമുറിച്ച് താഴോട്ടുകൊണ്ടുവന്ന് അവിടത്തെ വീതി കൂട്ടണം. ഒരു യഥാർത്ഥ പിരമിഡിന്റെ ആകൃതി അതിനു കൈവരുത്തണം. താഴത്ത് പരന്നതും മുകളറ്റം കൂർത്തതും. അങ്ങനെ വരുമ്പോൾ ഓരോ തലത്തിലും, ആ തലത്തിൽ ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യാൻ ജനങ്ങൾക്ക് പൂർണമായി സാധ്യമാകുന്നു. അപ്പോഴാണ് സ്വരാജ്യം കൈവരുന്നതായി ജനങ്ങൾക്കു തോന്നുക. അപ്പോൾ അവർക്ക് ജനാധിപത്യത്തിൽ യഥാർഥ താൽപര്യം ഉണ്ടാകും.

ഒരു കാര്യം ശ്രദ്ധേയമാണ്. ഒരു ഏകാധിപതി പാശ്ചാത്യരാജ്യങ്ങളിലെ തരത്തിലുള്ള ജനാധിപത്യത്തെ മറിച്ചിടുന്നതുതന്നെ അടിത്തട്ടിൽനിന്ന് മേലോട്ട് പടുത്തുയർത്തുന്ന യഥാർഥജനാധിപത്യത്തിന്റെ പേരു പറഞ്ഞായിരിക്കും. ഇതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ് നേപ്പാളിലെ മഹേന്ദ്ര രാജാവ്. ചിലപ്പോൾ ഈ അവകാശവാദത്തിൽ ആത്മാർത്ഥതയുടെ അംശങ്ങൾ ഉണ്ടായേക്കാം. എന്നാൽ ഏറിയ പങ്കും ജനങ്ങളെ പറ്റിക്കാനാണ്. ആകട്ടെ. പക്ഷേ, എന്തിനാണ് ഇത്തരത്തിലുള്ള തന്ത്രം? എന്തിനാണ് നിലവിലുള്ളതിനെ എതിർക്കുന്നത്? കാരണം സ്വയം വ്യക്തമാണ്. അടിത്തട്ടിൽ വേണ്ടത്ര ജനാധിപത്യ സംവിധാനങ്ങളില്ലാതെ തലകീഴായി നിൽക്കുന്ന പാശ്ചാത്യരീതിയിലുള്ള ജനാധിപത്യം എളുപ്പത്തിൽ മറിച്ചിടാം. ഏകാധിപതികൾ ഒന്നല്ലെങ്കിൽ മറ്റൊരുതരത്തിലുള്ള ജനാധിപത്യത്തെപ്പറ്റി പറയുന്നതിനു കാരണം, ജനങ്ങൾക്ക് അത് എളുപ്പത്തിൽ മനസ്സിലാകും എന്നതുകൊണ്ടാണ്. അത്തരത്തിലുള്ള ജനാധിപത്യത്തിൽ, രാഷ്ട്രീയക്കാരുടെ പാവകളായി മാറാതെ, സ്വന്തമായ തീരുമാനങ്ങൾ എടുക്കാൻ കഴിഞ്ഞേക്കുമെന്ന വ്യാമോഹമാണ് ഏകാധിപതികൾക്ക് പിന്തുണ നൽകാൻ അവരെ പ്രേരിപ്പിക്കുന്നത്.

ജനാധിപത്യത്തിൽ ആത്മാർത്ഥമായി വിശ്വസിക്കുന്ന ഏകാധിപതികൾ തങ്ങൾ പറഞ്ഞതരത്തിലുള്ള പുതിയ ജനാധിപത്യം കെട്ടിപ്പടുക്കാൻ ആത്മാർഥമായി ശ്രമിക്കുകയും ചെയ്തേക്കും. യു.എ.ആർ മുതൽ നേപ്പാൾ വരെയുള്ള രാജ്യങ്ങളിൽ ഭരണം കയ്യാളിയ ഏകാധിപതികൾ തങ്ങളുടെ വാഗ്ദാനങ്ങൾ നിറവേറ്റുമോ, ആത്യന്തികമായി ജനങ്ങൾക്കും അവരുടെ ജനാധിപത്യസ്ഥാപനങ്ങൾക്കും അധികാരം കൈമാറുമോ എന്നത് കണ്ടുതന്നെ അറിയണം. യുഎആറിൽ നാഷണൽ യൂണിയൻ രൂപീകരിച്ചതും പാകിസ്താനിൽ അടിസ്ഥാന ജനാധിപത്യം നടപ്പാക്കിയതും ഈ ദിശയിലുള്ള നീക്കങ്ങളായിരിക്കാം. പക്ഷേ ഈ രാജ്യങ്ങളെല്ലാം ഇന്നും ഏതുതരത്തിലുള്ള ജനാധിപത്യത്തിൽനിന്നും ബഹുദൂരെയാണ്. ഇത് അസാധാരണമായ ഒരു പ്രതിഭാസമാണ്. ഒരേ ശ്വാസത്തിൽ തന്നെ വിരുദ്ധങ്ങളായ രണ്ടു മുദ്രാവാക്യങ്ങൾ ഉയർത്തുന്നു: "ജനാധിപത്യം മരിച്ചു", "ജനാധിപത്യം നീണാൾ വാഴട്ടെ!"

സാമ്പത്തികവും രാഷ്ട്രീയവുമായ വികേന്ദ്രീകരണവും താഴെതട്ടുകളിലുള്ള ഗവൺമെന്റുകളുടെ ശാക്തീകരണവും രാഷ്ട്രത്തെയും അതിന്റെ ഐക്യത്തെയും ദുർബലപ്പെടുത്തുമെന്നു ഭയപ്പെടുന്നവരുണ്ട്. രാജ്യത്തിനകത്ത് പലതരത്തിലുമുള്ള ഛിദ്രവാസനകളും പ്രാദേശികതയും ഭാഷാഭിമാനവും മറ്റു സംഘർഷങ്ങളും ഉണ്ടെന്ന വസ്തുത ഈ ഭയത്തിന് ആക്കം കൂട്ടുന്നു. എന്നാൽ സംഗതി നേരെ തിരിച്ചാണ്. വിഭിന്നങ്ങളായ സമൂഹങ്ങൾ ഓരോന്നിനും തങ്ങളുടെ ദൈനംദിനകാര്യങ്ങൾ നടത്തുന്നതിനും തങ്ങളുടെ സവിശേഷതകൾ വളർത്തുന്നതിനും പൂർണ്ണമായ സ്വാതന്ത്ര്യം ഉണ്ടെന്നു വരുമ്പോൾ പരസ്പരമുള്ള അവിശ്വാസവും ശത്രുതയും അകലുകയും രാജ്യത്തിന്റെ ഐക്യം ശക്തിപ്പെടുകയുമാണ് ചെയ്യുക. എല്ലാ അധികാരങ്ങളും സ്വന്തം കയ്യിലൊതുക്കിയ, സർവശക്തമായ ഒരു കേന്ദ്രം

എല്ലാ അധികാരങ്ങളും സ്വന്തം കയ്യിലൊതുക്കിയ, സർവശക്തമായ ഒരു കേന്ദ്രം വാസ്തവത്തിൽ പുറമേക്കു മാത്രമേ ശക്തമാകുന്നുള്ളു. ആന്തരികമായി അത് സംഘർഷഭരിതമായിരിക്കും. ഛിന്നഭിന്നമാകാനുള്ള സാധ്യത സദാ ഉണ്ടായിരിക്കും. അത്തരത്തിലുള്ള ശക്തമായ കേന്ദ്രം പതുക്കെപ്പതുക്കെ ജനാധിപത്യത്തിൽനിന്ന് അകലുന്നതാണ്, ഏകാധിപത്യപരമായിത്തീരുന്നതാണ്. കേന്ദ്രീകൃതമായ ഇന്ത്യയ്ക്കുവേണ്ടി വാദിക്കുന്നവരിലെല്ലാം പ്രായേണ ഫാഷിസ്റ്റ് പ്രവണതകൾ കാണുന്നു എന്നത് യാദൃശ്ചികമല്ല.

വാസ്തവത്തിൽ പുറമേക്കു മാത്രമേ ശക്തമാകുന്നുള്ളു. ആന്തരികമായി അത് സംഘർഷഭരിതമായിരിക്കും. ഛിന്നഭിന്നമാകാനുള്ള സാധ്യത സദാ ഉണ്ടായിരിക്കും. അത്തരത്തിലുള്ള ശക്തമായ കേന്ദ്രം പതുക്കെപ്പതുക്കെ ജനാധിപത്യത്തിൽനിന്ന് അകലുന്നതാണ്, ഏകാധിപത്യപരമായിത്തീരുന്നതാണ്. കേന്ദ്രീകൃതമായ ഇന്ത്യയ്ക്കുവേണ്ടി വാദിക്കുന്നവരിലെല്ലാം പ്രായേണ ഫാഷിസ്റ്റ് പ്രവണതകൾ കാണുന്നു എന്നത് യാദൃശ്ചികമല്ല.

താഴെ തലങ്ങളിൽ ചെയ്യാൻ പറ്റുന്ന കാര്യങ്ങളെല്ലാം ആ തലങ്ങളിൽതന്നെ ചെയ്യുകയും അതിനുള്ള അധികാരം അവർക്കു ഉണ്ടാവുകയും, കേന്ദ്രതലത്തിൽ മാത്രം ചെയ്യാൻ പറ്റുന്ന കാര്യങ്ങളിൽ മാത്രമായി കേന്ദ്രത്തിന്റെ അധികാരങ്ങൾ പരിമിതപ്പെടുത്തുകയും ചെയ്യുന്നത് കേന്ദ്രത്തെ ദുർബലപ്പെടുത്തലല്ല. ശക്തങ്ങളായ കീഴ്തലങ്ങളുടെ മുഴുവൻ പിൻബലവും അതിനുണ്ടായിരിക്കും. ഓരോതലത്തിലും ലഭ്യമായ കഴിവുകളുടെ പ്രശ്നം മാത്രമാണിത്. ഓരോ തലത്തിലും തിരഞ്ഞെടുക്കപ്പെട്ടവർ അവർക്കു ചെയ്യാൻ കഴിവുള്ളതെല്ലാം ചെയ്യുന്നു. തങ്ങളുടെ തലത്തിൽ ചെയ്യാൻ പറ്റാത്ത പലതും ഉണ്ടെന്ന് അവർ തിരിച്ചറിയുകയും, അതേ തലത്തിലുള്ള മറ്റു ഘടകങ്ങളുമായി കൂട്ടുചേർന്ന്, തങ്ങളേക്കാൾ കഴിവുള്ള മറ്റൊരു തലം സൃഷ്ടിക്കുകയും ചെയ്യുന്നു. ആനുഷംഗികമായി പറയട്ടെ – വലിയ വലിയ രാഷ്ട്രങ്ങൾപോലും, പലതും തങ്ങൾക്ക് ഒറ്റയ്ക്കൊറ്റയ്ക്ക് ചെയ്യാൻ പറ്റില്ല എന്ന് തിരിച്ചറിയുകയും ആഗോളതലത്തിൽതന്നെ ജനങ്ങൾ ഒന്നിച്ചുചേരണമെന്ന അഭിപ്രായം വളരുകയും ചെയ്യുന്ന കാലമാണിത്. ഈ കഴിവാണ് കേന്ദ്രത്തിന് അതിന്റെ ശക്തി നൽകുന്നത്. താഴെത്തട്ടിലുള്ള ഗവൺമെന്റുകൾ തങ്ങൾക്ക് ചില ചില കാര്യങ്ങൾ വേണ്ടത്ര നന്നായി ചെയ്യാൻ പറ്റില്ലെന്നു തിരിച്ചറിയുകയും അതിനു കഴിവുള്ള ഒരു കേന്ദ്രത്തെ ഉണ്ടാക്കുകയും അതിന് ആവശ്യമായ അധികാരങ്ങൾ നൽകുകയും ചെയ്യുന്നു. പ്രതിരോധം, വിദേശബന്ധങ്ങൾ, അന്തർസംസ്ഥാനബന്ധങ്ങൾ, നാണയവ്യവസ്ഥ, കയറ്റുമതി – ഇറക്കുമതി നിയന്ത്രണങ്ങൾ, ദേശീയ ഐക്യം കാത്തുസൂക്ഷിക്കൽ മുതലായവ കേന്ദ്രത്തിനു മാത്രം ചെയ്യാൻ പറ്റുന്ന കാര്യങ്ങളാണ്. ഇത്രയും അധികാരങ്ങളുള്ള ഒരു കേന്ദ്രഗവൺമെന്റിനെ എങ്ങനെയാണ് ദുർബലം എന്നു വിളിക്കുക? മറ്റൊട്ടനവധി വിഷയങ്ങൾ അതിന്റെ കീഴിലല്ല എന്നത് പ്രശ്നമല്ല. അങ്ങനത്തെ ഒരു ഗവൺമെന്റ് ശക്തവും ചിട്ടയുള്ളതും ഫലപ്രദവും ആയിരിക്കും. മറിച്ച് ഇന്നത്തെപ്പോലെ, എല്ലാ മേഖലകളിലും കയ്യിടുന്ന, വൃഥാസ്ഥൂലമായ ഒരു ഗവൺമെന്റ് പുറമേക്ക്, ശക്തമാണ് എന്ന പ്രതീതി ജനിപ്പിച്ചേക്കാമെങ്കിലും വാസ്തവത്തിൽ ദുർബലവും ചുറുചുറുക്കില്ലാത്തതും കാര്യക്ഷമതയില്ലാത്തതും ആയിരിക്കും.



കേന്ദ്രഗവൺമെന്റ് കൈകാര്യം ചെയ്യുന്ന വിഷയങ്ങളുടെ ലിസ്റ്റിന്റെ നീളത്തെ ആശ്രയിച്ചല്ല അതിന്റെ ശക്തി കിടക്കുന്നത്. മറിച്ച്, വൈകാരിക ഉദ്ഗ്രഥനം, പൊതുവായ അനുഭവങ്ങളും അഭിലാഷങ്ങളും, ദേശീയമൂല്യങ്ങൾ, പരസ്പരസൗമനസ്യം, വിട്ടുവീഴ്ചയ്ക്കുള്ള സന്നദ്ധത, എല്ലാറ്റിലും ഉപരിയായി ദേശീയ നേതാക്കളുടെ വിശാലമാനസ്കതയും വിവേകവും... ഇങ്ങനെ നേരിട്ട് കാണാൻ പറ്റാത്ത കാര്യങ്ങളിലാണ് കേന്ദ്രഗവൺമെന്റിന്റെയും ശക്തി കുടികൊള്ളുന്നത്. ■